# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2922** **20/12/2012 ൽ മറുപടിക്ക്**

## റിസോഴ്സ് അദ്ധ്യാപകരെ സ്ഥിരപ്പെടുത്താൻ നടപടി

**ചോദ്യം** **ഉത്തരം**

ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ:

ശ്രീ.പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികളുടെ പഠനത്തിലും പരിശീലനത്തിലും സഹായിക്കാൻ പൊതു വിദ്യാലയങ്ങളിൽ നിയമിതരായ റിസോഴ്സ് അധ്യാപകരുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.ഇ.ഡി.എസ്.എസ്.-ൻ കീഴിൽ നിയമിതരായ റിസോഴ്സ് അധ്യാപകർ അവരുടെ ജോലിയുടെ ഭാഗമായി പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് (CWSN) പാഠ്യ/പാഠ്യേതര വിഷയങ്ങളിൽ സഹായം നൽകിവരുന്നു. ഇവരുടെ പ്രശ്നങ്ങൾ സ്കൂൾ, DEO/DIET, DPI തലത്തിലും അപ്പപ്പോൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. |
| ബി) വ്യത്യസ്ത ശേഷിയുള്ള കുട്ടികളുടെ കഴിവുകൾ വികസിപ്പിച്ച് അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് പ്രവർത്തിക്കുന്ന ഈ വിഭാഗത്തിലെ പൂർണ്ണ യോഗ്യത നേടിയ അദ്ധ്യാപകരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിനും അർഹമായ ആനുകൂല്യങ്ങൾ നൽകുന്നതിനും നടപടി സ്വീകരിക്കുമോ; | ബി) മാനവശേഷി വികസന മന്ത്രാലയത്തിൻ കീഴിലെ കേന്ദ്രാവിഷ്കൃത പദ്ധതിയായ 'ഇൻക്ലൂസീവ് എഡ്യൂക്കേഷൻ ഫോർ ദ ഡിസ്ആബിൾഡ് അറ്റ് സെക്കണ്ടറി സ്റ്റേജ്' (ഐ.ഇ.ഡി.എസ്.എസ്.) ന്റെ കീഴിൽ. പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികളുടെ പാഠ്യ/പാഠ്യേതര പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനായി റിസോഴ്സ് അധ്യാപകരെ നിയമിക്കുന്നു. MHRD നിഷ്കർഷിക്കുന്ന നിശ്ചിത യോഗ്യത ഉള്ളവരെയാണ് റിസോഴ്സ് അധ്യാപകരായി നിയമിക്കുന്നത്. ഈ അധ്യാപകരെ കരാർ അടിസ്ഥാനത്തിലാണ് നിലവിൽ നിയമിക്കുന്നത്. ഇവരെ സ്ഥിരപ്പെടുത്തുക എന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| സി) ഏത്ര പേരാണ് ഈ വിഭാഗത്തിൽ ഇപ്പോൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | സി) ഐ.ഇ.ഡി.എസ്.എസ്. പദ്ധതിയിൻ കീഴിൽ നിലവിൽ 543 റിസോഴ്സ് അധ്യാപകർ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ